# ഇ.എം. ഫെർമെന്റഡ് പ്ലാന്റ് എക്സ്ട്രാക്ട്
# (ഇ.എം-എഫ്.പി.ഇ)



സൂക്ഷ്മ മൂലകങ്ങളുടെ കുറവുകളെ നികത്താനായി നാം ഉപയോഗിക്കുന്ന ഒന്നാണ് ഇ.എം – എഫ്.പി.ഇ. ഇതിനായി പല ചെടികളുടെ ഇലകളും, ചീത്തയായ പഴങ്ങൾ, പശുവിൻ ചാണകം, ആട്ടിൻ കാഷ്ഠം എന്നിവ ഉപയോഗിക്കാം.

## ഈ മിശ്രിതം തയ്യാറാക്കാൻ വേണ്ട ചേരുവകൾ







- വാളം പുളി
- കറിവേപ്പ്
- മുരിങ്ങ അല്ലെങ്കിൽ ഇരുമ്പ്സത്ത് അടങ്ങിയ മറ്റ് പച്ചിലകൾ
- എരുക്ക് (ബോറോൺ ലഭ്യതയ്ക്ക്)
- എല്ലാതരം പൂവുകൾ (മോളിബിഡിനത്തിന്റെ ലഭ്യതയ്ക്ക്)
- ഇഞ്ചിയെണ്ണ
- വെണ്ടച്ചെടി
- കമുക് (സിലിക്കയുടെ ലഭ്യതയ്ക്ക്)
- തുളസി
- കരിനൊച്ചി
- ആര്യവേപ്പ്
- കറ്റാർവാഴ
- ശർക്കര 250 ഗ്രാം






**ICAR- KRISHI VIGYAN KENDRA**

Hosted by: Bapooji Sevak Samaj

Farm Science Centre, ICAR, Govt. of India

Pethotty. P.O, Santhanpara,Idukki, Kerala-685619

Phone: 04868 247541, 247715

E-mail: kvksanthanpara@gmail.com

Web: www.kvkidukki.org


Photonet.247433

മേൽ പറഞ്ഞവ എല്ലാം ശേഖരിച്ച് ഏകദേശം 5 കിലോ വരുന്ന രീതിയിൽ എടുക്കുക. വിളകളിൽ ഏതു സൂക്ഷ്മ മൂലകങ്ങളുടെ കുറവാണോ ശ്രദ്ധിക്കപ്പെടുന്നത് അതിന്റേതായ രീതിയിൽ യോജിച്ച ഇലകൾ എടുക്കാവുന്നതാണ്. ഇങ്ങനെ ശേഖരിച്ച ഇലകൾ ചെറുതായ് അരിഞ്ഞ് അരച്ചെടുക്കുക. ഈ രീതിയിൽ അരച്ചെടുത്ത മിശ്രിതം 250 ഗ്രാം ശർക്കര 10 ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച ലായനിയിലേക്ക് പകർത്തുക.

അതിനു ശേഷം ഈ മിശ്രിതത്തിലേക്ക് 250 - 300 മില്ലി ഇ.എം. ചേർക്കുക. ഈ രീതിയിൽ നിർമ്മിച്ചെടുക്കുന്ന മിശ്രിതം 7 - 10 ദിവസങ്ങളോളം അനക്കം തട്ടാതെ സൂക്ഷിക്കുക






## ഉപയോഗക്രമം

ഈ മിശ്രിതം നിർമ്മിച്ച് 90 ദിവസം കഴിയുന്നതിന് മുൻപേ തന്നെ അവ ഉപയോഗപ്പെടുത്തുക. ഇങ്ങനെ തയ്യാറാക്കിയ മിശ്രിതം 10 - 20 ലിറ്റർ ഒരു ഏക്കർ എന്ന രീതിയിൽ ചെടികൾക്ക് നൽകാവുന്നതാണ്.

## ഗുണങ്ങൾ

ഇ.എം.എഫ്.പി.ഇ മറ്റ് ഗ്രോത്ത് പ്രൊമോട്ടേഴ്സുമായി കൂട്ടിക്കലർത്തി ഉപയോഗിക്കാവുന്നതാണ്. വിളകളുടെ ഒട്ടുമിക്ക പ്രശ്നങ്ങളും പരിഹരിക്കാനായുള്ള ഒരു മുൻകരുതലായി ഇതിനെ സ്വീകരിക്കാം.

ഇത് വിളകളിൽ ഉണ്ടാക്കുന്ന സൂക്ഷ്മ മൂലകങ്ങളുടെ കുറവിനെ പരിഹരിക്കുകയും കൂടാതെ കീടങ്ങൾക്കെതിരെ പ്രതിരോധശേഷി നൽകി അവ വിളകളെ ആക്രമിക്കുന്നതിൽ നിന്നും സംരക്ഷിക്കുകയും ചെയ്യുന്നു.

Sponsored by : Kerala State Planning Board

Prepared by
Sudhakar Soundarajan
SMS-Plant Protection
ICAR-KVK(BSS), Idukki

Edited by
Dr.Binu John sam
Programme Coordinator i/c.
ICAR-KVK (BSS), Idukki

Published by
Deenamma Kuriakose
Chairperson
ICAR-KVK (BSS), Idukki